62 (1422) വനിതാ പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസിന്റെ എണ്ണവും വനിതാ പോലീസ് സ്റ്റേഷന്റെ എണ്ണവും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) മാതൃകാ പോലീസ് സ്റ്റേഷനായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ കുറഞ്ഞത് മൂന്നു വനിതാ പോലീസുകാരെ കൂടി നിയമിക്കാൻ ഉത്തരവ് നൽകുമോ?

ഉത്തരം

(എ)&(ബി) വനിതാ പോലീസിന്റെ അംഗസംഖ്യ നിലവിലുള്ള രണ്ടു ശതമാനത്തിൽനിന്നും പത്തു ശതമാനമായി വർദ്ധിപ്പിക്കുന്നതിന്റെ ആദ്യപടിയായി 902 വനിതാ പോലീസ് കോൺസ്റ്റബിൾമാരെ റിക്രൂട്ട് ചെയ്യുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വനിതാ സെല്ലുകൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി 14 വനിതാ സർക്കിൾ ഇൻസ്പെക്ടർ, 28 വനിതാ സബ്ഇൻസ്പെക്ടർ, 14 വനിതാ ഹെഡ്കോൺസ്റ്റബിൾ, 56 വനിതാ കോൺസ്റ്റബിൾ എന്നീ തസ്തികകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിലുണ്ട്.

വനിതാ പോലീസ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ പോലീസ് സ്റ്റേഷനുകളുടെ ചുമതല വനിതാ സബ് ഇൻസ്പെക്ടർമാർക്കുകൂടി നൽകുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(സി) വനിതാ പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിക്കുന്ന മുറയ്ക്ക് പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ വനിതകളെ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

63 (1423) സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്തവരുടെ എണ്ണം

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേരെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തു;

(ബി) അതിൽ എത്രപേരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്;

(സി) അവരുടെ പേരിലുള്ള കേസ്സുകളിൻമേൽ നടപടികൾ പൂർത്തിയാക്കിയ ശേഷമാണോ അവരെ തിരികെ പ്രവേശിപ്പിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly